(ബി) ആ നിർദ്ദേശം രണ്ട് ഗവണ്മെന്റുകളും അന്ന എത്രകണ്ട് പാലിച്ചിട്ടുണ്ട്?

(സി) കൊച്ചി ഗവണ്മെന്റ് സംയോജനത്തിനു മുമ്പുള്ള മൂന്ന് മാസക്കാലയളവിൽ ന ഭ രൂപയ്ക്കുമേൽ എത്ര സ്ഥിരപ്പെടുത്തലുകളും എത്ര പ്രമോഷനും കൊടുത്തിട്ടുണ്ട്? അന്നവിടെ എത്ര അങ്ങിനെയുള്ള ഉദ്യോഗങ്ങൾ സ്ഥിരപ്പെടുത്താതെയും പ്രമോഷൻ കൊടുക്കാതെയും ഉണ്ടായിരുന്നു?

(ഡി) അപ്രകാരം തിരുവിതാംകൂർ സർവ്വീസിൽ എത്ര ഒഴിവുകൾ ഉണ്ടായിരുന്നു?

(ഇ) തിരുവിതാംകൂറിലും കൊച്ചിയിലും യോഗ്യതയും ജോലിയും തുല്യമായിട്ടുള്ള സർവ്വീസുകളിൽ ശമ്പള ഗ്രെയിഡിനു് വളരെ വ്യത്യാസമുള്ള എത്ര ഉദ്യോഗങ്ങൾ തിരുവിതാംകൂർ കൊച്ചി സർവ്വീസുകളിൽ ഉണ്ട്?

(എഫ്) മേൽപറഞ്ഞ വ്യത്യാസം മൂലം തിരുവിതാംകൂർ സർവ്വീസിലും അന്നവക്ക് സർവ്വീസു സംയോജനംകൊണ്ടു സ്ഥിരപ്പെടുത്തലിലും പ്രമോഷനിലിവളരെ നഷ്ടം സഹിക്കേണ്ടി വന്നിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെന്റ് ധരിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) : ആവശ്യമുള്ള വിവരങ്ങൾ ശേഖരിച്ചു വരികയാണു്.

വേളാന്മാർ

*ന ക്ര. (൭൦) ശ്രീ. എൻ. കെ. കൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്ക സമുദായ സംരക്ഷണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) വേളാന്മാരെ ക്രൈ ൪ ൦ ജൂൺ ന൯൫൦- യിലെ ഗവണ്മെന്റ് ഗസറ്റിൽ പട്ടിക ജാതിക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി പ്രസിദ്ധം ചെയ്തിട്ടുണ്ടോ?

(ബി) പട്ടികജാതിക്കാരുടെ ലിസ്റ്റിൽനിന്നും അവരെ മാറ്റി അവസാന തീർച്ച ഉണ്ടായിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ അതിനു കാരണമെന്തു്?

വ്യവസായവും, എക്സൈസും, പ്രാദേശിക സ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ) : (എ) വേലൻ എന്നതിനു് പകരം വേളാൻ എന്ന പിശകായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ടു്.

(സി) ക്രൈ ൪ ൦ ജൂൺ ന൯൫൦-പ്രസിദ്ധപ്പെടുത്തിയ ലിസ്റ്റിലെ പിശകു തിരുത്തുന്നതിനു വേണ്ടി.

INTEGRATION OF SERVICES

*615. [71] **Sri. A. K. George:** Will the Hon'ble Chief Minister be pleased to state:—

has it come to the notice of the Government that Mr. C. Narayana Pillai, a Hon'ble member of this House has issued a statement to the Press about the injustice done to the Travancore officers as a result of the integration of the service of both Cochin and Travancore?

LIBRARY ARCHIVES Kerala Legislative Assembly